(ബി) ഈ സ്ഥാപനത്തിൽ ആകെ 5 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ 4 ജീവനക്കാരുണ്ട്.

(സി) ഈ സ്ഥാപനം സാമൂഹ്യക്ഷേമവകുപ്പിന് കൈമാറാൻ ആലോചിക്കുന്നുണ്ട്.

സംസ്ഥാന വനം ബിൽ

110 [393] ശ്രീ. സി. കെ. നാണു :

ഡോ. എ. നീലലോഹിതദാസൻ നാടാർ :

ശ്രീ. എ. സി. ഷൺമുഖദാസ് :

,, കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനം ബിൽ ഗവർണ്ണർ ഒപ്പിടാതെ തിരിച്ചയച്ചുവോ;

(ബി) എങ്കിൽ എന്ത് കാരണം പറഞ്ഞാണ് ബിൽ തിരിച്ചയച്ചത്;

(സി) ഇത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച് മുൻ ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡിനൻസ് അതേപടി നിയമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബിൽ ഗവർണ്ണർ പ്രസിഡന്റിന്റെ പരിഗണനയ്ക്കായി റിസർവ് ചെയ്തിട്ടുണ്ട്.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

2003-ലെ കേരള വനം ബിൽ

111 [394] ശ്രീ. ടി. കെ. ദേവകുമാർ :

,, വി. കെ. ചന്ദ്രൻ :

,, രാജു എബ്രഹാം :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ആഗസ്റ്റിൽ നിയമസഭ പാസാക്കിയ കേരള വനം (പരിസ്ഥിതിപരമായി ദുർബലമായ പ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കൽ) ബിൽ ഗവർണ്ണർ തിരിച്ചയച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly